# മഹാത്മാഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298

2021 ഡിസംബർ 7

# വാർത്താക്കുറിപ്പ്

---

**എം.ടെക് എനർജി സയൻസ്**

മഹാത്മാഗാന്ധി സർവ്വകലാശാല സ്കൂൾ ഓഫ് എനർജി മെറ്റീരിയൽസിനു കീഴിൽ നടത്തുന്ന എനർജി സയൻസസിലുള്ള എം.ടെക് കോഴ്സിന് ഏതാനം സീറ്റുകൾ ഒഴിവുണ്ട്. നാല് സെമസ്റ്ററുകളായി നടത്തുന്ന കോഴ്സിൽ അവസാന രണ്ട് സെമസ്റ്ററുകൾ വിദേശ സർവ്വകലാശാലകളിൽ സ്റ്റൈപ്പന്റോടെ ഗവേഷണം നടത്തുന്നതിന് വരെ അവസരം ലഭിക്കുന്നതാണ്. എം.ടെക്, ഫിസിക്സ്, കെമിസ്ട്രി, മെറ്റീരിയൽസ് സയൻസ്, പോളിമർ സയൻസ് അല്ലെങ്കിൽ ബി.ടെക് നാനോ സയൻസ് ആന്റ് നാനോ ടെക്നോളജി, കെമിക്കൽ എൻജിനീയറിംഗ്, പോളിമർ ടെക് നോളജി, ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻ, ബയോടെക്നോളജി, സിവിൽ, മെക്കാനിക്കൽ എന്നിവയിൽ ഏതെങ്കിലും ബിരുദമുള്ളവർക്ക് അപേക്ഷിക്കാം. എ.ഐ.സി.ടി.ഇ. അംഗീകാരം ലഭിച്ചിട്ടുള്ള ഈ കോഴ്സിലേയ്ക്ക് ഡിസംബർ 15 വരെ അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 8281082083 ഇ-മെയിൽ: materials@mgu.ac.in.

(പി.ആർ.ഒ/39/1512/2021)

**ഇൻ സർവ്വീസ് കോഴ്സുകൾ 20 മുതൽ**

സർവ്വകലാശാലയിലെ വിവിധ പഠന വകുപ്പുകൾ, അഫിലിയേറ്റഡ് കോളേജുകൾ എന്നവിടങ്ങളിലെ അദ്ധ്യാപകർക്കായി സർവ്വകലാശാല ഓഗസ്റ്റ് ഒൻപത് മുതൽ പതിമൂന്ന് വരെ ഓൺലൈനായി നടത്തുവാൻ നിശ്ചയിച്ചിരുന്ന ഇൻ സർവ്വീസ് (എഫ്.ഡി.പി.) കോഴ്സുകൾ ഡിസംബർ 20 മുതൽ 24 വരെ നടക്കും. പങ്കെടുക്കുവാൻ താൽപര്യമുള്ള അദ്ധ്യാപകർ ഡിസംബർ 15 നു മുമ്പ് അപേക്ഷ നൽകണം. നെരത്തെ അപേക്ഷ സമർപ്പിച്ചവർ വീണ്ടും നൽകേണ്ടതില്ല. കൂടുതൽ വിവരങ്ങൾ www.mgu.ac.in എന്ന വെബ്സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ/39/1513/2021)

**പരീക്ഷാ ഫലം**

2021 ഫെബ്രുവരിയിൽ നടന്ന രണ്ടാം വർഷ മെഡിക്കൽ റേഡിയോളജിക്കൽ ടെക്നോളജി (2016 അഡ്മിഷൻ - സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മ പരിശോധനയ്ക്കുള്ള അപേക്ഷകൾ ഓൺലൈനായി ഡിസംബർ 21 വരെ സ്വീകരിക്കും. സൂക്ഷ്മ പരിശോധനയ്ക്ക് 160 രൂപ നിരക്കിൽ ഫീസടയ്ക്കണം.

(പി.ആർ.ഒ/39/1514/2021)

**പുതുതായി രജിസ്റ്റർ ചെയ്യേണ്ടതില്ല**

കോവിഡ് കാരണങ്ങളാൽ അവസാന സെമസ്റ്റർ പരീക്ഷ എഴുതാൻ കഴിയാതിരുന്ന വിദ്യാർത്ഥികൾക്ക് (റഗുലർ - ഫസ്റ്റ് അപ്പിയറൻസ് ) പ്രത്യേക പരീക്ഷ നടത്തുന്നതിനും, മറ്റ് സെമസ്റ്ററുകൾ എഴുതാൻ കഴിയാത്ത വിദ്യർത്ഥികൾക്ക് ജൂനിയർ ബാച്ചിനൊപ്പം പരീക്ഷ എഴുതുന്നതിനും ഇത് അവരുടെ നഷ്ടപ്പെട്ട അവസരമായി കണക്കാക്കുന്നതിനും സർവ്വകലാശാല അനുമതി നൽകിയിട്ടുണ്ട്. ഇതിനായി വിദ്യാർത്ഥികൾ പ്രത്യേകം രജിസ്റ്റർ ചെയ്യേണ്ടതില്ലെന്നും നേരത്തെ ലഭിച്ച ഹാൾടിക്കറ്റ് ഉപയോഗിച്ച് അവർക്ക് പ്രത്യേക പരീക്ഷ എഴുതാവുന്നതാണെന്നും മഹാത്മാഗാന്ധി സർവ്വകലാശാല പത്രക്കുറിപ്പിൽ അറിയിച്ചു. എന്നാൽ പ്രത്യേക പരീക്ഷ എഴുതാൻ വരുന്നവർ കോവിഡ് കാരണങ്ങളാലാണ് റെഗുലർ പരീക്ഷ എഴുതാൻ സാധിക്കാതിരുന്നത് എന്നത് തെളിയിക്കുന്നതിനാവശ്യമായ രേഖകൾ പ്രിൻസിപ്പൽ മുമ്പാകെ ഹാജരാക്കണം.

(പി.ആർ.ഒ/39/1515/2021)

**പി.സി. സുരേഷ് കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ